**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5203** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ സേവനകേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങളും മറ്റ് സേവനങ്ങളും കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാക്കുന്നതിനായി പ്രത്യേക സേവന കേന്ദ്രങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത്; വിശദാംശം നൽകുമോ; | (എ) | കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങളും മറ്റ് സേവനങ്ങളും കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാക്കുന്നതിനായി ആശ്രയ എന്ന പേരിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കൃഷി ഭവനിൽ ലഭ്യമായിട്ടുള്ള AIMS രജിസ്ട്രേഷൻ, നെല്ല്, പച്ചത്തേങ്ങ, കൊപ്ര സംഭരണ രജിസ്ട്രേഷൻ, SMAM രജിസ്ട്രേഷൻ, KATHIR പോർട്ടൽ രജിസ്ട്രേഷൻ എന്നീ സേവനങ്ങളാണ് ആശ്രയ സേവന കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നത്. |
| (ബി) | കൃഷിക്കൂട്ടങ്ങൾ, കൃഷി സെന്ററുകൾ തുടങ്ങി നിലവിൽ പ്രവർത്തിച്ചുവരുന്ന സേവന മേഖലയിലെ സംവിധാനങ്ങളെ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ആശ്രയ കാർഷിക സേവന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് സന്നദ്ധതയും അടിസ്ഥാന സൗകര്യങ്ങളുമുള്ള കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ, അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മ സേന എന്നിവയെ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നതാണ്. |
| (സി) | കൃഷിയിടങ്ങളിൽ നേരിട്ടെത്തി സേവനം നൽകുന്നതിന് പദ്ധതിയുണ്ടോ; സേവനങ്ങൾക്ക് ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കർഷകർക്ക് സേവനകേന്ദ്രങ്ങളിൽ എത്തി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പുറമെ കൃഷിയിടങ്ങളിലെത്തി സേവനങ്ങൾ നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നിരക്ക് പ്രാദേശികമായി നിശ്ചയിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ